# കേരള സർവകലാശാല

നം. പി.ആർ.265/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് യോഗം അലങ്കോലപ്പെടുത്തിയതിന്റെ പിന്നിൽ

## വൻഗൂഡാലോചന

കേരള സർവകലാശാലയിൽ എഡ്യൂക്കേഷൻ പഠന വകുപ്പിൽ നടന്ന അധ്യാപക നിയമനത്തിൽ അഴിമതി ആരോപിച്ച് ഒരു ചെറുസംഘം സിൻഡിക്കേറ്റ് അംഗങ്ങൾ യോഗം അലങ്കോലപ്പെടുത്തിയതിന്റെ പിന്നിൽ വൻ ഗൂഡാലോചന നടന്നിട്ടുണ്ടെന്ന് വൈസ് ചാൻസലർ അറിയിച്ചു.

ആറുമാസം മുമ്പ് നടന്ന നിയമനത്തിൽ മാസ്റ്റർ ബിരുദത്തിൽ ഒന്നാം റാങ്കും ഡോക്ടറേറ്റും, ഫുൾബ്രൈറ്റ് ഫെലോഷിപ്പും അന്തർദേശീയ ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരണവും ഉള്ള അപേക്ഷകയെയാണ് നിയമിച്ചത്. ഈഴവ സമുദായസംവരണ തസ്തികയിൽ നിയമനം ലഭിച്ച ഇവർ അന്തർദേശീയ മികവ് പ്രകടിപ്പിക്കുകയും രണ്ടു ദേശീയ അവാർഡ് നേടുകയും ചെയ്തവരാണ്. ഇപ്പോൾ 42 പഠനഗവേഷണ വകുപ്പുകളിലുള്ള സർവകലാശാല അദ്ധ്യാപകരിൽ ഏക ഫുൾ ബ്രൈറ്റ് ഫെലോയായി ഇവർ മാത്രമേയുള്ളൂ. ഒരു ചെറുവിഭാഗം സിൻഡിക്കേറ്റംഗങ്ങൾ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചാണ് പ്രശ്നങ്ങൾ സൃഷ്ടിച്ചത്. ഇതിലും മികച്ച ഒരു അപേക്ഷകയെ ഏഴുപേർ അടങ്ങുന്ന ഇന്റർവ്യൂകമ്മിറ്റിയ്ക്ക് ഇന്റർവ്യൂവിന് ക്ഷണിച്ച 199 പേരിൽ നിന്നും നിയമനത്തിനായി കണ്ടെത്താനായില്ല. സംസ്ഥാനത്തിന് പുറത്തുള്ളവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡിന്റെ സത്യസന്ധതയെ ചോദ്യം ചെയ്യുന്നത് സർവകലാശാലയ്ക്ക് തന്നെ അപമാനകരമാണ്.

## എം.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 19 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് ഒരു വർഷ പരിപാടി) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫർമാറ്റിക്സിലെ പ്രോജക്ടിലേക്ക് നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സർവീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## എൽ.എൽ.ബി. ഫലം

കേരള സർവകലാശാല മെയ് മാസം നടന്ന നാലാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷയുടെ (2011-2012 അഡ്മിഷനു മുമ്പുള്ളത്) (കോമൺ ഫോർ മേഴ്സി ചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷമ പരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അവസാന തീയതി ഡിസംബർ 30. വിശദവിവരങ്ങൾക്ക് (www.keralauniversity.ac.in) എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് രണ്ടാം സെമസ്റ്റർ വൈവ വോസി പരീക്ഷയുടെ ടൈംടേബിൾ (www.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## കെമാറ്റ് പരീക്ഷ – 2018

കേരള സർവകലാശാല 2018 ഫെബ്രുവരി നാലിന് നടക്കുന്ന കെമാറ്റ് 2018 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2018 ജനുവരി 20 ആണ്. കൂടുതൽ വിവരങ്ങൾക്ക് http://kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഈ വെബ്സൈറ്റിന്റെ ലിങ്ക് സർവകലാശാല വെബ്സൈറ്റിലെ ന്യൂസ് എന്ന വിഭാഗത്തിലും ലഭ്യമാണ്.

തിരുവനന്തപുരം.
06.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**